നം. സി.ഇ.ഇ/1717/2010/കെഇഎം-2011/റ്റി.ഏ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

# 2011 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള നാലാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

2011 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള നാലാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **14.09.2011** ന് ആരംഭിക്കുന്നതാണ്. നാലാം ഘട്ട അലോട്ടുമെന്റിൽ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സുകൾ/കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **14.09.2011 മുതൽ 16.09.2011 വരെ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **16.09.2011** വൈകുന്നേരം 5 മണി വരെ നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **18.09.2011** ന് **നാലാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** നാലാം ഘട്ട അലോട്ടുമെന്റ് പ്രകാരം പുതുതായി അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ/കോളേജ് മാറ്റം ലഭിക്കുന്ന വിദ്യാർത്ഥികൾ, ഫീസ്/അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **19.09.2011, 20.09.2011, 22.09.2011** എന്നീ തീയതികളിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഫീസ് ഒടുക്കിയ വിദ്യാർത്ഥികൾക്ക് **19.09.2011 മുതൽ 22.09.2011 വരെ** തീയതികളിൽ അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടാവുന്നതാണ്.

**<u>മൂന്നാം ഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.</u>**

**നാലാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 14.09.2011 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സുകൾ/കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 16.09.2011 വൈകുന്നേരം 5 മണി | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| **18.09.2011** | **നാലാം ഘട്ട അലോട്ടുമെന്റ്** |
| 19.09.2011, 20.09.2011, 22.09.2011 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കണം |
| 19.09.2011, 20.09.2011, 22.09.2011 | അലോട്ട്മെന്റ് ലഭിച്ച് ഫീസ് ഒടുക്കിയ വിദ്യാർത്ഥികൾ അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. |
| 22.09.2011 | എല്ലാ കോഴ്സുകളിലേക്കുമുള്ള ക്ലാസ്സുകൾ ആരംഭിക്കുന്നു |
| 22.09.2011 വൈകുന്നേരം 5 മണി | കോളേജ് അധികാരികൾ നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. |

നാലാം ഘട്ട അലോട്ട്മെന്റിനുശേഷം MBBS/BDS കോഴ്സുകളിലേക്ക് **23.09.2011** ന് ഒരു അലോട്ട്മെന്റ് കൂടി (**അഞ്ചാം ഘട്ട അലോട്ട്മെന്റ്**) പ്രസിദ്ധീകരിക്കുന്നതാണ്. ഈ അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ/കോളേജ് മാറ്റം ലഭിക്കുന്നവർ ഫീസ്/ അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (**SBT**) തെരഞ്ഞെടുത്ത ശാഖകളിൽ ഒടുക്കിയതിനുശേഷം, **സെപ്റ്റംബർ 24, 25 തീയതികളിൽ** അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. **വിദ്യാർത്ഥികളുടെ അഡ്മിഷനുവേണ്ടി കേരളത്തിലെ സർക്കാർ/ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ ഓഫീസ് 25.09.2011 (ഞായറാഴ്ച) തുറന്നു പ്രവർത്തിക്കേണ്ടതാണ്.**

| | |
|---|---|
| **23.09.2011** | **അഞ്ചാം ഘട്ട അലോട്ട്മെന്റ്** (MBBS/BDS കോഴ്സുകൾക്ക് മാത്രം). സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലേക്കുള്ള അവസാന അലോട്ട്മെന്റ്. |
| 24.09.2011 | അഞ്ചാം ഘട്ട അലോട്ട്മെന്റ് പ്രകാരം MBBS/BDS കോഴ്സുകൾക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ്/അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഒടുക്കണം |
| 24.09.2011, 25.09.2011 | അഞ്ചാം ഘട്ട അലോട്ട്മെന്റ് പ്രകാരം MBBS/BDS കോഴ്സുകൾക്ക് അലോട്ട്മെന്റ് ലഭിച്ച് ഫീസ് ഒടുക്കിയ വിദ്യാർത്ഥികൾ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. |
| 25.09.2011 | സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ MBBS/BDS കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് നടപടിക്രമങ്ങൾ അവസാനിക്കുന്നു. |
| 26.09.2011, 5 pm | സർക്കാർ മെഡിക്കൽ/ഡന്റൽ കോളേജുകൾ നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കണം. |

**മുന്നറിയിപ്പ്:-** സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ചാൽ ഈ കോളേജുകളിൽ ചേർന്ന് പഠിക്കും എന്ന് ഉറപ്പുള്ള വിദ്യാർത്ഥികൾ മാത്രമേ ഈ കോളേജുകളിലേക്ക് ഓപ്ഷനുകൾ നൽകാൻ പാടുള്ളൂ. ഈ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഇവിടെ ചേർന്ന് പഠിക്കാൻ ബാധ്യസ്ഥരായിരിക്കും. ഈ കോളേജുകളിൽ ലഭിക്കുന്ന അലോട്ട്മെന്റ്/അഡ്മിഷൻ യാതൊരു കാരണവശാലും ക്യാൻസൽ ചെയ്യാൻ അനുവദിക്കുന്നതല്ല. ഏതെങ്കിലും കാരണവശാൽ ഈ കോളേജുകളിലേക്ക് അനാവശ്യ ഓപ്ഷനുകൾ നൽകി MBBS/BDS കോഴ്സുകളുടെ സർക്കാർ സീറ്റുകൾ ലാപ്സാക്കുന്ന വിദ്യാർത്ഥികൾ ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടിവരുന്നതായിരിക്കും. ഇവരുടെ കാൻഡിഡേച്ചർ ക്യാൻസൽ ചെയ്യുന്നതും മെഡിക്കൽ/ഡന്റൽ കൗൺസിൽ വഴി 2011 വർഷത്തിൽ മറ്റ് കോളേജുകളിൽ MBBS/BDS കോഴ്സിന് പഠിക്കാൻ ഇവരെ അയോഗ്യരാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. ഈ വിദ്യാർത്ഥികളെ അടുത്ത രണ്ടു വർഷത്തേക്ക് എൻട്രൻസ് പരീക്ഷ എഴുതുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതുമായിരിക്കും.

**നാലാം ഘട്ട അലോട്ടുമെന്റിൽ താഴെ പറയുന്ന കോഴ്സ്/കോളേജുകളിലേക്ക് പുതുതായി ഓപ്ഷൻ നൽകാവുന്നതാണ് :**

### Private Self-financing Medical Colleges (MBBS)

1 MES Medical College, Perinthalmanna, Malappuram **(EMC)**

2 Sree Gokulam Medical College & Research Foundation, Venjaramoodu, Thiruvananthapuram **(GMC)**

3 Karuna Medical College, Vilayodi, Palakkad **(KMM)**

4 Kannur Medical College, Kannur **(KNC)**

5 Sree Narayana Institute of Medical Sciences, Ernakulam **(SIM)**

6 Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram **(SMC)**

7 SUT Academy of Medical Sciences, Vattappara, Thiruvananthapuram **(SUC)**

8 Travancore Medical College, Kollam **(TRM)**

9 Azeezia Institute of Medical Sciences & Research, Meeyyannoor P O, Kollam **(AZC)**

10 KMCT Medical College, Mukkom, Kozhikode **(KCM)**

11 Malabar Medical College Hospital & Research Centre, Modakkallur, Kozhikode **(MMH)**

### Government Controlled Self-financing Dental College (BDS)

1 Pariyaram Dental College, Pariyaram, Kannur **(KND)**

### Private Self-financing Dental Colleges (BDS)

1 Al-Azhar Dental College, Perumpillichira P O, Thodupuzha, Idukki **(AAD)**

2 Annoor Dental College, Puthuppady P O, Muvattupuzha, Ernakulam **(ADC)**

3 Azeezia College of Dental Sciences & Research, Meeyyannoor, Kollam **(AZD)**

4 Century International Institute of Dental Sciences & Research Centre, Poinachi, Kasaragod **(CDC)**

5 Educare Institute of Dental Science, Kiliyamannil Campus, Chattiparamba, Malappuram **(EID)**

6 Indira Gandhi Institute of Dental Sciences, Nellikuzhy P O, Kothamangalam, Ernakulam **(IGD)**

7 Kannur Dental College, Anjarakandy, Mamba P O, Kannur **(KAD)**

8 KMCT Dental College, Mampetta, Manassery P O, Mukkom, Kozhikode **(KMD)**

9 Mar Baselios Dental College, Kothamangalam, Ernakulam **(MBD)**

10 MES Dental College, Perinthalmanna, Palachode P O, Malappuram **(MED)**

11 Malabar Dental College and Research Centre, Chekanoor Road, Mudur P O, Edappal, Malappuram **(MLD)**

12 Noorul Islam College of Dental Science, Aralummoodu, Neyyattinkara, Thiruvananthapuram **(NID)**

13 PMS College of Dental Sciences and Research Centre, Vattappara, Thiruvananthapuram **(PMS)**

14 PSM College of Dental Science and Research, Akkikavu, Thrissur **(PSD)**

15 Royal Dental College, Iron Hills, Chalissery P O, Palakkad **(RDC)**

16 St. Gregorios Dental College, Chelad P O, Kothamangalam, Ernakulam **(SGD)**

17 Sri Sankara Dental College, Akathumuri, Varkala, Thiruvananthapuram **(SVD)**

### Government/Aided/Self-financing Ayurveda Colleges (BAMS)

1 Government Ayurveda College, Medical College P O, Pariyaram, Kannur **(KNA)**

2 Government Ayurveda College, Dhanwanthari Nagar, Tripunithura, Ernakulam **(TPA)**

3 Government Ayurveda College, G P O, Thiruvananthapuram **(TVA)**

4 VPSV Ayurveda College, Edarikode P O, Kottakkal, Malappuram **(KTL)**

5 Mannam Ayurveda Co-operative Medical College, Pandalam, Pathanamthitta **(MAM)**

6 Ahalia Ayurveda College, Palakkad **(AHA)**

***** 7 Parassinikkadavu Ayurveda Medical College, Parassinikadavu P O, Kannur- 670 563 (PRK)

***** 8 Nangelil Ayurveda Medical College, Nellikuzhy P O, Kothamangalam, Ernakulam (NGL)

***** 9 P N Panicker Souhruda Ayurveda Medical College, Parakalai P O, Anandhashram via, Kasargode **(PPA)**

***** 10 KMCT Ayurveda Medical College, Manasseri P O, Mukkom, Kozhikode **(KMA)**

*** Note**:- Allotment to these institutions will be subject to final orders of Hon'ble High Court in W.P.(C)s filed with regard to obtaining permission from CCIM and Department of AYUSH.

**New Private Self-financing Engineering / Architecture Colleges**

| No. | College | Course |
|---|---|---|
| 1 | Baselios Thomas I Catholicose College of Engineering & Technology, Koothattukulam, Ernakulam (**BTE**) | **CE, ME, EE, EC, CS** |
| 2 | Ilahia School of Science & Technology, Muvattupuzha, Ernakulam (**ICT**) | **CE, ME, EE, EC** |
| 3 | KMP College of Engineering, Cherukunnam, Asamanoor P O, Perumbavoor (**KMP**) | **CE, ME, EC** |
| 4 | Nirmala College of Engineering, Kunnappilly, Chalakkudy, Thrissur (**NIE**) | **CE, ME, EE, EC, CS** |
| 5 | Trinity College of Engineering, Trinity Hill, Poovada, Naruvamoodu P O, Thiruvananthapuram (**TCT**) | **ME, EE, EC** |
| 6 | Sree Narayana Institute of Technology, Adoor, Pathanamthitta (**SNP**) | **CE, ME, EE, EC** |
| 7 | Musaliar College of Engineering, Chirayinkeezhu, Thiruvananthapuram (**MCC**) | **CE, ME, EE, EC** |
| 8 | Universal Engineering College, Vallivattom P O, Konathukunnu, Thrissur (**UNT**) | **CE, ME, EE, EC** |
| 9 | MES College of Engineering & Technology, Kunnukara, Ernakulam (**MEE**) | **CE, ME, EE, EC, CS** |
| 10 | Alsalama Institute of Architecture, Malaparamba, Perinthalmanna, Malappuram (**ALR**) | **B.Arch (AR)** |

**New Engineering Courses**

| | | |
|---|---|---|
| 1 | Rajiv Gandhi Institute of Technology, Velloore P O, Pampady, Kottayam (**KTE**) | **B.Arch (AR)** |
| 2 | Federal Institute of Science & Technology, Hormis Nagar, Mookkannoor, Angamaly, Ernakulam **(FIT)** | **CE** |
| 3 | MEA Engineering College, Perinthalmanna, Malappuram **(MEA)** | **CE** |
| 4 | Sree Buddha College of Engineering for Women, Ayathil, Elavumthitta, Pathanamthitta **(SBW)** | **EE** |
| 5 | Ammini College of Engineering, Kannampariyaram, Mankara P O, Palakkad **(AME)** | **CS** |
| 6 | KMCT College of Engineering, Kalanthode, Manassery P O, Mukkom via, Kozhikkod **(KMC)** | **CE** |
| 7 | Sree Narayana Guru College of Engineering & Technology, Chalakode P O, Payyannur, Kannur **(SNC)** | **CE** |
| 8 | Prime College of Engineering for Women, Prime Nagar, Erattayal, Palakkad **(PCE)** | **CE** |

## ഫീസ് ഘടന

**മെഡിക്കൽ (എം.ബി.ബി.എസ്)**

| | | | |
|---|---|---|---|
| സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ | 50% സർക്കാർ സീറ്റ് | | |
| | **ബി പി എൽ/ താഴ്ന്ന വരുമാനം (14 %)** | **എസ്.ഇ.ബി.സി വിഭാഗം (26%)** | **സ്റ്റേറ്റ് മെറിറ്റ്** |
| | * **25,000/-** രൂപ | * **25,000/-** രൂപ | **1,38,000/-** രൂപ |

**ഡന്റൽ (ബി.ഡി.എസ്)**

| | | | |
|---|---|---|---|
| പരിയാരം ഡന്റൽ കോളേജ്, പരിയാരം, കണ്ണൂർ | 50% സർക്കാർ സീറ്റ് | | |
| | **ബി പി എൽ/ താഴ്ന്ന വരുമാനം (6 സീറ്റുകൾ)** | **എസ്.ഇ.ബി.സി വിഭാഗം (8 സീറ്റുകൾ)** | **സ്റ്റേറ്റ് മെറിറ്റ്** |
| | * **23,000/-** രൂപ | * **44,000/-** രൂപ | **90,000/-** രൂപ |
| സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകൾ | 50% സർക്കാർ സീറ്റ് | | |
| | **ബി പി എൽ/ താഴ്ന്ന വരുമാനം (14 %)** | **എസ്.ഇ.ബി.സി വിഭാഗം (26%)** | **സ്റ്റേറ്റ് മെറിറ്റ്** |
| | * **23,000/-** രൂപ | * **44,000/-** രൂപ | **1,10,000/-** രൂപ |

*** സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകൾ/**

**പരിയാരം ഡന്റൽ കോളേജ്, പരിയാരം, കണ്ണൂർ എന്നിവയിലെ ഫീസിളവ്**

(a) ഓരോ കോളേജിലും പ്രവേശന പരീക്ഷാ കമ്മീഷണർ മെരിറ്റ് സീറ്റിൽ അലോട്ട് ചെയ്യുന്ന മൊത്തം വിദ്യാർത്ഥികളിൽ നിന്നും ബി.പി.എൽ. വിഭാഗത്തിൽ പെടുന്ന/ഏറ്റവും താഴ്ന്ന വാർഷിക കുടുംബ വരുമാനമുള്ള മേൽപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള എണ്ണം വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസ് നിരക്കിൽ പഠിക്കാവുന്നതാണ്. ഇവരെ തെരഞ്ഞെടുക്കുന്നതിന് റാങ്കോ കാറ്റഗറിയോ ബാധകമായിരിക്കുകയില്ല. ഫീസ് ആനുകൂല്യം ലഭിക്കുന്നതിനാൽ SC/ST/OEC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഇതിലേക്ക് പരിഗണിക്കുന്നതല്ല.

(b) ഓരോ കോളേജിലും പ്രവേശന പരീക്ഷാ കമ്മീഷണർ മെരിറ്റ് സീറ്റിൽ അലോട്ട് ചെയ്യുന്ന മൊത്തം വിദ്യാർത്ഥികളിൽ നിന്നും SEBC വിഭാഗത്തിൽപ്പെടുന്ന മേൽപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള എണ്ണം വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസ് നിരക്കിൽ പഠിക്കാവുന്നതാണ്. അവർ മെറിറ്റിലോ സംവരണ ക്വാട്ടയിലോ പ്രവേശനം ലഭിച്ചവരാണെങ്കിലും റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും ഇവരെ തെരഞ്ഞെടുക്കുക.

സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ നിലവിലുള്ള ഫീസിളവ് ലഭിക്കുന്നത് പ്രവേശനം പൂർത്തിയാക്കി തൽസംബന്ധമായ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ടുമെന്റ് സമയത്ത് SC/ST/OEC വിദ്യാർത്ഥികൾ ഒഴികെ അലോട്ട്മെന്റ് ലഭിക്കുന്നവർ സ്റ്റേറ്റ് മെറിറ്റ് ഫീസ് നിരക്കിൽ തുക ഒടുക്കേണ്ടതാണ്. അഡ്മിഷനു ശേഷം ഫീസ് ആനുകൂല്യം ലഭിക്കുന്നവർക്ക് അധികമായി അടച്ച തുക മടക്കി നൽകുന്നതാണ്.

| **ആയൂർവേദ (ബി.എ.എം.എസ്.)** | | |
|---|---|---|
| സർക്കാർ /എയ്ഡഡ് ആയുർവ്വേദ കോളേജുകൾ | | **12,000/-** രൂപ |
| സ്വകാര്യ സ്വാശ്രയ ആയുർവ്വേദ കോളേജുകൾ | 50% സർക്കാർ സീറ്റ് | **45,000/-** രൂപ |

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ സർക്കാർ സീറ്റിലേക്കുള്ള ഫീസ് **60,000** രൂപയാണ്. 05.08.2011 ൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം പ്രകാരമുള്ള ഫീസ് ആനുകൂല്യത്തിന്റെ വ്യവസ്ഥകൾ മൂന്നും നാലും ഘട്ട അലോട്ടുമെന്റുകളിൽ ഉൾപ്പെടുത്തിയ പുതിയ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കും ബാധകമായിരിക്കും.

**<u>കുറിപ്പ്:-</u>** തൃശൂർ, ചാലക്കുടി, നിർമ്മല കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ സർക്കാർ സീറ്റിലേക്കുള്ള ഫീസ് നിരക്ക് 35,000/- രൂപയായിരിക്കും.

സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ന്യൂനപക്ഷ/കമ്മ്യൂണിറ്റി ക്വാട്ടയ്ക്കായി നീക്കിവച്ച സീറ്റുകളിലേക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അലോട്ടുമെന്റ് നടത്തുന്നതാണ്.

രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിരുന്ന 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ട്മെന്റ് നടപടികൾ നാലാം ഘട്ട അലോട്ട്മെന്റോടുകൂടി അവസാനിക്കുന്നതാണ്. നാലാം ഘട്ട അലോട്ട്മെന്റ് പ്രകാരം ഈ 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏതിലെങ്കിലും അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അലോട്ടുമെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4 (c) പ്രകാരമുള്ള പിഴ നൽകാൻ ബാധ്യസ്ഥരായിരിക്കും.

നാലാം ഘട്ട അലോട്ട്മെന്റ് പ്രകാരം രണ്ടാം ഘട്ട അലോട്ടുമെന്റിൽ ഉൾപ്പെടുത്തിയിരുന്ന 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥി

കളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്. എന്നാൽ മൂന്നും നാലും ഘട്ട അലോട്ട്മെന്റ് മുതൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഇത് ബാധകമായിരിക്കുകയില്ല.

കഴിഞ്ഞ മൂന്ന് അലോട്ടുമെന്റുകളിൽ അലോട്ട്മെന്റ് ഒന്നും ലഭിച്ചിട്ടില്ലാത്തവരും എന്നാൽ രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിരുന്നതുമായ 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ചേർന്നു പഠിക്കാൻ താത്പര്യമില്ലാത്ത വിദ്യാർത്ഥികൾ ഈ കോളേജുകളിലേക്ക് ഓപ്ഷനുകൾ നിലനിർത്തിയിട്ടുണ്ടെങ്കിൽ അവ റദ്ദ് ചെയ്യേണ്ടതാണ്. നാലാം ഘട്ട അലോട്ടുമെന്റ് പ്രകാരം ഈ 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ കോളേജുകളിൽ ചേർന്നു പഠിക്കാൻ ബാധ്യസ്ഥരായിരിക്കും.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104** (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ)

തിരുവനന്തപുരം
13.09.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**